S 814
17/3/17

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തൃശ്ശൂർ ജില്ലയിലെ കിലയിലെ ഒഴിവുള്ള തസ്തികകളിൽ ചുമതലാ ക്രമീകരണം നടത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.651/2017/തസ്വഭവ                    തീയതി, തിരുവനന്തപുരം, 09.03.2017

==========================================================

പരാമർശം: പഞ്ചായത്ത് ഡയറക്ടറുടെ 22.12.2016-ലെ ഇ 11-3831/2010 നമ്പർ കത്ത്

**ഉത്തരവ്**

പഞ്ചായത്ത് വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാരുടെയും സീനിയോറിറ്റി സംബന്ധിച്ച കേസുകൾ ബഹു. സുപ്രീംകോടതിയിൽ നിലനിൽക്കുന്നതിനാൽ നിലവിൽ വകുപ്പിൽ സ്ഥാനക്കയറ്റങ്ങൾ നടക്കുന്നില്ല. ഈ സാഹചര്യത്തിൽ തൃശ്ശൂർ ജില്ലയിലെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറാണ് ഈ ജില്ലയിലെ ഡെപ്യൂട്ടി ഡയറക്ടറുടെയും കിലയിലെ ഡെപ്യൂട്ടി ഡയറക്ടറുടെയും പൂർണ്ണ അധിക ചുമതല വഹിക്കുന്നത്. ഈ മൂന്ന് ചുമതലകളും ഒരാൾ വഹിക്കുന്നത് ബുദ്ധിമുട്ടായതിനാൽ കിലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ട്രെയിനിംഗിന്റെ ചുമതല തൃശ്ശൂർ ജില്ലയിലെ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്-1 വെങ്കിടെങ് സീനിയർ സൂപ്രണ്ട്/പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർക്കും, കിലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അഡ്മിനിസ്ട്രേഷന്റെ ചുമതല നിലവിൽ ആർക്കും നൽകിയിട്ടില്ലാത്തതിനാൽ ആയത് തൃശ്ശൂർ ജില്ലയിലെ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്-5 വെള്ളാങ്ങല്ലൂർ സീനിയർ സൂപ്രണ്ട്/പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർക്കു നൽകുന്നതിനും പഞ്ചായത്ത് ഡയറക്ടർ മേൽ പരാമർശം പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിക്കുകയും കിലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ട്രെയിനിംഗിന്റെ ചുമതല തൃശ്ശൂർ ജില്ലയിലെ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്-1 വെങ്കിടെങ് സീനിയർ സൂപ്രണ്ട്/പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർക്കും, കിലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അഡ്മിനിസ്ട്രേഷന്റെ ചുമതല തൃശ്ശൂർ ജില്ലയിലെ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്-5 വെള്ളാങ്ങല്ലൂർ സീനിയർ സൂപ്രണ്ട്/പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർക്കും താൽക്കാലികമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
ജോയിന്റ് സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ഡയറക്ടർ, കില, തൃശ്ശൂർ
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ